# INDIAN SCHOOL AL WADI AL KABIR

| CLASS: VII | DEPARTMENT: MALAYALAM | DATE: 23-04-2023 |
|---|---|---|
| Class Notes | Lesson: 1 | Topic: നീതിമാനായ സോളമൻ |

**<u>അർത്ഥം</u>**

ആദരിക്കുക = ബഹുമാനിക്കുക

ഭടന്മാർ = സേവകർ

വിഭജിക്കുക = വീതിക്കുക

അന്തിമവിധി = അവസാനത്തെ വിധി

രാജസഭ = രാജാവിന്റെ സഭ

കല്പിക്കുക = ആജ്ഞാപിക്കുക

സാമാജികർ = രാജസഭയിലുള്ളവർ

**<u>പര്യായ പദം</u>**

വാൾ → ഖഡ്ഗം , അസി

രാജാവ് → മന്നൻ , നൃപൻ

സ്ത്രീ → നാരി , വനിത

കുഞ്ഞ് → പൈതൽ , ശിശു

പുഞ്ചിരി → സ്മിതം , സ്മേരം

**<u>വിപരീതപദം</u>**

സത്യം X അസത്യം

നീതി X അനീതി

വിജയം X പരാജയം

കരയുക X ചിരിക്കുക

ക്ഷമ X അക്ഷമ

അവസാനം X ആദ്യം

ആദരവ് X അനാദരവ്

**<u>എതിർലിംഗം</u>**

ചക്രവർത്തി X ചക്രവർത്തിനി

സ്ത്രീ X പുരുഷൻ

ബുദ്ധിമാൻ X ബുദ്ധിമതി

അവൾ X അവൻ

രാജാവ് X റാണി , രാജ്ഞി

**<u>പിരിച്ചെഴുതുക</u>**

കൈക്കുഞ്ഞ് → കൈ + കുഞ്ഞ്

കൃത്യമായി → കൃത്യം + ആയി

കാതോർത്തു → കാത് + ഓർത്തു

മഹാനായ → മഹാൻ + ആയ

കുഞ്ഞാണ് → കുഞ്ഞ് + ആണ്

നീതിമാനായ → നീതിമാൻ + ആയ

**<u>ചേർത്തെഴുതുക</u>**

വാളുമായി + എത്തി → വാളുമായെത്തി

പൊട്ടി + കരഞ്ഞു → പൊട്ടിക്കരഞ്ഞു

വിധി + അറിഞ്ഞ് → വിധിയറിഞ്ഞ്

രാജാവ് + ആയിരുന്നു → രാജാവായിരുന്നു

തീരുമാനത്തിന് + ആയി → തീരുമാനത്തിനായി

രണ്ട് + ആയി → രണ്ടായി

**<u>ഉത്തരം എഴുതുക</u>**

1. മഹാനായ സോളമൻ ചക്രവർത്തി ഏത് ദേശത്തെ രാജാവായിരുന്നു ?

   മഹാനായ സോളമൻ ചക്രവർത്തി ഇസ്രായേലിലെ രാജാവായിരുന്നു.

2. രണ്ടു സ്ത്രീകൾ തമ്മിൽ തർക്കിച്ചത് എന്തിനായിരുന്നു ?

   ഒരു കുഞ്ഞിനെ വിട്ടു കിട്ടുന്നതിനെച്ചൊല്ലിയാണ് രണ്ടു സ്ത്രീകൾ തമ്മിൽ തർക്കിച്ചത് .

3. യഥാർത്ഥ അമ്മയെ കണ്ടെത്താൻ രാജാവ് പ്രയോഗിച്ച തന്ത്രം എന്ത്?

   കുഞ്ഞിനെ രണ്ടായി വെട്ടിമുറിച്ച് വീതിക്കുക എന്ന തന്ത്രമാണ് യഥാർത്ഥ അമ്മയെ കണ്ടെത്താൻ രാജാവ് പ്രയോഗിച്ചത്.

4. രാജാവിന്റെ അന്തിമ തീരുമാനമെന്തായിരുന്നു ?

   കുഞ്ഞിനെ യഥാർത്ഥ അമ്മയ്ക്ക് നൽകുക എന്നതായിരുന്നു രാജാവിന്റെ അന്തിമ തീരുമാനം .

*******